**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3931** **15-07-2022 - ൽ മറുപടിയ്ക്ക്**

**മരുന്നു സംഭരണശാല സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ മരുന്ന് സംഭരണശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **കോഴിക്കോട് ജില്ലയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്നു സംഭരണശാല നിർമ്മിക്കുന്നതിനായി ചേവായൂർ ത്വക്ക് രോഗാസുപത്രിയുടെ കൈവശമുള്ള സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ അഞ്ച് ഏക്കർ ഭൂമി കായിക, യുവജന വകുപ്പിന് കൈമാറിയിട്ടുള്ളതിൽ നിന്നും ഒന്നര ഏക്കർ സ്ഥലം തിരിച്ചെടുത്ത് കോർപ്പറേഷന്റെ സ്റ്റേറ്റ് ഓഫ് ആർട്ട് സയന്റിഫിക് വെയർഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മരുന്നു സംഭരണശാല സെൻട്രൽ വെയർഹൗസ് കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | **നിലവിൽ സ്ക്വയർഫീറ്റിന് 18 രൂപയ്ക്കാണ് സൊസൈറ്റി കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ളത്. 5 വർഷത്തേയ്ക്ക് വാടക വർദ്ധന ഒഴിവാക്കാമെന്ന് സമ്മതിച്ചിട്ടുമുണ്ട്. സെൻട്രൽ വെയർഹൗസ് കോർപ്പറേഷൻ ആവശ്യപ്പെടുന്ന വാടക സ്ക്വയർഫീറ്റിന് 24.56 രൂപയാണ്. എല്ലാ വർഷവും 5% വാടക വർദ്ധനയും നൽകണം. കൂടാതെ കെട്ടിടത്തിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 1 കോടി രൂപയോളം അധിക ചെലവും കോർപ്പറേഷൻ വഹിക്കേണ്ടതാണ്. ഇപ്രകാരം സി.ഡബ്ല്യൂ.സി കെട്ടിടം വാടകയ്ക്ക് എടുക്കുന്നതുവഴി 5 വർഷത്തേയ്ക്ക് നിലവിൽ നൽകുന്ന വാടക കൂടാതെ വാടക ഇനത്തിൽ മാത്രം 1.5 കോടി രൂപയ്ക്ക് മുകളിൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതാണ്. കോർപ്പറേഷന് ഇത്രയും ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന സി.ഡബ്ല്യൂ.സി കെട്ടിടം വാടകയ്ക്ക് എടുക്കാൻ കഴിയാത്തതിനാൽ വെയർഹൗസ് സി.ഡബ്ല്യൂ.സി കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.** |
| (സി) | സ്വകാര്യ കെട്ടിടത്തിന് വാടകയിനത്തിൽ ഇതുവരെ നൽകിയ തുക എത്ര, വാടക കരാർ ഏതുവർഷം വരെയാണ്, കരാർ പുതുക്കി നൽകിയിട്ടുണ്ടോ? | (സി) | **കോഴിക്കോട് ജില്ലയിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ മരുന്നു സംഭരണശാലയുടെ വാടകയിനത്തിൽ 2016 ജനവരി മുതൽ 2022 മെയ്** |

| | | | |
|---|---|---|---|
| | | | **മാസം വരെ 4,10,97,591/- രൂപ നൽകിയിട്ടുണ്ട്. കരാർ കാലാവധി 31.05.2023 വരെ പുതുക്കി നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ